## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **1631** — **10.03.2020–** ൽ മറുപടിക്ക്

## റീബിൽഡ് കേരള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.കെ.ബഷീർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രളയാനന്തര പുനരധിവാസവുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച റീബിൽഡ് കേരള പദ്ധതിയുടെ കീഴിൽ നാളിതുവരെ ലഭിച്ച വിവിധ വായ്പകൾ ഏതെല്ലാമാണെന്നും, അവ ആകെ എത്ര തുകയാണെന്നും, എന്നാണ് അത് ലഭിച്ചതെന്നും വ്യക്തമാക്കുമോ; | (എ) പ്രളയാനന്തര പുനർനിർമാണവുമായി ബന്ധപ്പെട്ട് വികസന നയവായ്പയുടെ ആദ്യ ഗഡുവായി ലോകബാങ്കിൽനിന്ന് 1779.58 കോടി രൂപ ലഭ്യമായിട്ടുണ്ട്. 2019 ഓഗസ്റ്റ് മാസത്തിലാണ് പ്രസ്തുത വായ്പ തുക ലഭിച്ചത്. വികസന നയവായ്പയുടെ രണ്ടാം ഗഡു ലഭ്യമാക്കുന്നതിനുള്ള നടപടികളും ജർമൻ ബാങ്കായ കെ.എഫ്.ഡബ്ല്യുവിൽനിന്ന് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. |
| (ബി) പ്രസ്തുത തുക ഉപയോഗിച്ച് എന്തെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് എന്നറിയിക്കാമോ; ഇതിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; ഇനിയും എത്ര പദ്ധതികൾ പൂർത്തീകരിക്കുവാനുണ്ട്; വിശദമായ വിവരം ലഭ്യമാക്കുമോ; | (ബി) റീബിൽഡ് കേരള ഇനിഷ്യേറ്റിവിനു കീഴിൽ ചുവടെപ്പറയുന്ന പദ്ധതികൾക്കാണ് നിലവിൽ ഭരണാനുമതി നൽകിയിട്ടുള്ളത്.<br>*തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ പത്തനംതിട്ട, വയനാട്, ഇടുക്കി എന്നീ മൂന്ന് ജില്ലകളിലായി, മിനിമം 5.5 മീ വീതിയുള്ള 218.29 കിലോമീറ്റർ റോഡുകളുടെ പുനർനിർമ്മാണത്തിന് 266.3 കോടി രൂപ.<br>*കൃഷി വകുപ്പിന്റെ ആകെ 141.85 കോടി രൂപയുടെ 7 പദ്ധതികളും 0.4 കോടി രൂപയുടെ പഠനവും<br>*കുടുംബശ്രീയുടെ ആകെ 250 കോടി രൂപയുടെ ഒൻപത് പദ്ധതികൾ.<br>*വനംവകുപ്പിന്റെ ആകെ 130.40 കോടി രൂപയുടെ മൂന്നു |

| | |
|---|---|
| | പദ്ധതികളും മൂന്ന് പഠനങ്ങളും.<br>*ജൈവവൈവിധ്യ ബോർഡിന്റെ 5 കോടി രൂപയുടെ പദ്ധതികൾ.<br>*മൃഗസംരക്ഷണ വകുപ്പിന്റെ 23.01 കോടി രൂപയുടെ രണ്ടു പദ്ധതികൾ.<br>*മത്സ്യ ബന്ധന വകുപ്പിന്റെ കൂട് മത്സ്യകൃഷിക്കുള്ള 3.2 കോടി രൂപയുടെ പദ്ധതി.<br>*മത്സ്യ ബന്ധന വകുപ്പിന്റെ കീഴിലുള്ള Kerala Aqua Venture International Ltd. ( KAVIL) എന്ന സ്ഥാപനത്തിന്റെ ആകെ 2.62 കോടി രൂപയുടെ 4 പദ്ധതികൾ.<br>*വിവരസാങ്കേതിക വകുപ്പിന്റെ 4.24 കോടി രൂപ (മാപ്പത്തോൺ പദ്ധതി)<br>*ഖരമാലിന്യ സംസ്കരണത്തിനായി കുറ്റിപ്പുറത്ത് ലാൻഡ് ഡെവലപ്മെന്റിനും സംരക്ഷണ ഭിത്തിക്കുമായി ക്ലീൻ കേരള കമ്പനിയ്ക്ക് 0.64 കോടി രൂപ.<br>*ജലവിഭവ വകുപ്പിനു കീഴിൽ ,<br>നദീതട സംരക്ഷണ, പരിപാലന അതോറിറ്റിയുടെ പ്രാരംഭ ചെലവുകൾ, റൂം ഫോർ റിവർ പദ്ധതിയുടെ രൂപരേഖ തയാറാക്കൽ, കേരള വാട്ടർ റിസോഴ്സസ് ഇൻഫർമേഷൻ സിസ്റ്റം എന്നീ പദ്ധതികൾക്കായി 16.3 കോടി രൂപ, പ്രളയത്തിൽ തകർന്ന ഡാമുകൾ, കനാലുകൾ, റഗുലേറ്ററുകൾ, തുടങ്ങിയവയുടെ പുനരുദ്ധാരണത്തിനും വിവിധ ജലവിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനുമായി 285.99 കോടി രൂപയുടെ വിവിധ പദ്ധതികൾ.<br>(ആകെ ഏകദേശം 1134 കോടി രൂപയുടെ പദ്ധതികൾക്ക് നിലവിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.)<br>ഇവ അതാതു വകുപ്പുകളുടെ നേതൃത്വത്തിൽ നിർവഹണഘട്ടത്തിലേക്ക് കടക്കുന്നതേയുള്ളൂ. |
| (സി) പ്രസ്തുത പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ നവീകരിക്കുന്നതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; ഏതെല്ലാം ജില്ലകളിൽ എത്ര | (സി) 13.08.2019 ലെ സ.ഉ.(കൈ)നം.25/2019/ആസാവ ഉത്തരവു പ്രകാരം , തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള വിവിധ റോഡുകളുടെ പുനർനിർമാണത്തിനുള്ള 488 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി. അതിൽ, പത്തനംതിട്ട,വയനാട്,ഇടുക്കി എന്നീ മൂന്ന് |

| | |
|---|---|
| കിലോമീറ്റർ റോഡുകൾ നവീകരിക്കുന്നതിനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്, വ്യക്തമാക്കുമോ? | ജില്ലകളിലായി, മിനിമം 5.5 മീ വീതിയുള്ള 218.29 കിലോമീറ്റർ ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണത്തിന് 266.3 കോടി രൂപയുടെ പദ്ധതിക്ക് 15/11/2019 ലെ സ.ഉ.(സാധാ) നം. 485/2019/ആസാവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.<br>പത്തനംതിട്ട- 56.02 കിലോമീറ്റർ, വയനാട്- 64.81 കിലോമീറ്റർ, ഇടുക്കി- 97.46 കിലോമീറ്റർ എന്നിങ്ങനെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**